# MEMORIAL HERMANN HEALTH SYSTEM നയം

**നയ ശീർഷകം:** സാമ്പത്തിക സഹായ നയം

**പ്രസിദ്ധീകരണ തീയതി:** 12/19/2017
**പതിപ്പ്:** 4

---

**നയത്തിൻറെ ഉദ്ദേശ്യം:**

Memorial Hermann Health System ("MHHS") ഇൻറേണൽ റെവന്യൂ കോഡ് വിഭാഗം 501(c)(3) ആശുപത്രികൾ നടത്തുന്നു, ഈ ആശുപത്രികൾ, ഹാരിസ്, മോണ്ട്ഗോമെറി, ഫോർട്ട് ബെൻഡ് എന്നിവിടങ്ങളിലെയും ചുറ്റുവട്ടത്തുള്ള കൗണ്ടികളിലെയും ആരോഗ്യ പരിചരണ ആവശ്യകതകൾ നിറവേറ്റുന്നു. പണമടയ്ക്കുന്നതിനുള്ള രോഗിയുടെ ശേഷി പരിഗണിക്കാതെ, അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമുള്ള സേവനങ്ങൾ ആവശ്യമുള്ള, ഇൻഷൂറൻസ് ഇല്ലാത്തവരും വേണ്ടത്ര ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്തവരുമായ വ്യക്തികൾക്ക്, വിവേചനമില്ലാതെ, സാമ്പത്തിക പിന്തുണയുടെ രൂപത്തിൽ, കമ്മ്യൂണിറ്റി ആനുകൂല്യങ്ങൾ നൽകുന്നതിൽ MHHS പ്രതിജ്ഞാബദ്ധമാണ്.

സ്വന്തം കമ്മ്യൂണിറ്റിക്കുള്ളിൽ MHHS സേവനം നൽകുന്നവർക്കിടയിൽ നിന്ന് സാമ്പത്തിക സഹായം ആവശ്യമുള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള ഒരു വ്യവസ്ഥാനുസൃതരീതി പ്രദാനം ചെയ്യുകയാണ് സാമ്പത്തിക സഹായ നയത്തിൻറെ ("FAP") ഉദ്ദേശ്യം.

**വ്യാപ്തി:**

വിഭാഗം 501(c)(3) MHHS ആശുപത്രികൾ മുഖേന നടത്തപ്പെടുന്ന, സ്റ്റേറ്റ് ലൈസൻസുള്ള എല്ലാ ആശുപത്രി ഫെസിലിറ്റികൾക്കും ഈ FAP ബാധകമാണ്, അതിൽ ഉൾപ്പെടുന്നവ:

Memorial Hermann Greater Heights Hospital

Memorial Hermann Katy Hospital

Memorial Hermann Memorial City Medical Center

Memorial Hermann – Texas Medical Center

- Memorial Hermann Cypress Hospital
- Memorial Hermann Orthopedic and Spine Hospital

Memorial Hermann Northeast Hospital

Memorial Hermann Rehabilitation Hospital Katy, L.L.C.

Memorial Hermann Southeast Hospital

- Memorial Hermann Pearland Hospital

Memorial Hermann Southwest Hospital

Memorial Hermann Sugar Land Hospital

Memorial Hermann The Woodlands Medical Center

TIRR Memorial Hermann

മുകളിൽ ലിസ്റ്റ് ചെയ്തിട്ടുള്ള ആശുപത്രികളിൽ, ദാതാവിനെ അടിസ്ഥാനമാക്കിയുള്ള ഔട്ട്പേഷ്യൻറ് ഡിപ്പാർട്ടുമെൻറുകളെന്ന നിലയിൽ, ഔട്ട്പേഷ്യൻറ് ഇമേജിംഗ് കേന്ദ്രങ്ങളും ക്രീഡൗഷധ - പുനരധിവാസ കേന്ദ്രങ്ങളും അത്യാഹിത കേന്ദ്രങ്ങളും MHHS നടത്തുകയും ഈ FAP-ക്ക് കീഴിൽ അവയ്ക്ക് പരിരക്ഷ നൽകുകയും ചെയ്യുന്നു.ഈ FAP-ക്ക് കീഴിൽ പരിരക്ഷയുള്ള ഔട്ട്പേഷ്യൻറ് രോഗനിർണ്ണയ ലാബുകളും MHHS നടത്തുന്നുണ്ട്.

**നയ പ്രസ്താവന:**

1. കാരുണ്യത്തിൻറെയും കാര്യാധീശത്വത്തിൻറെയും MHHS മൂല്യങ്ങൾക്ക് അനുസൃതമായി, സഹായം ആവശ്യമുള്ള രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ് MHHS-ൻറെ ഈ നയം. കൂടുതലായി, MHHS നൽകുന്ന അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമുള്ള പരിചരണത്തിനായി രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഒരു ചട്ടക്കൂട് നൽകുകയാണ് ഈ FAP-യുടെ ഉദ്ദേശ്യം.

2. നൽകപ്പെടുന്ന സേവനങ്ങൾക്ക് മുഴുവനായും പണമടയ്ക്കാൻ കഴിവില്ലാത്ത വ്യക്തികൾക്ക്, ഈ FAP നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കും അപേക്ഷാ **നടപടിയ്ക്കും** കീഴിൽ MHHS സാമ്പത്തിക സഹായം നൽകുന്നു. ചെലവുകൾ ഒന്നും ഇല്ലാതെ സേവനങ്ങൾ സ്വീകരിക്കുന്നതിന് മുൻകൂറായി തന്നെ അർഹതയുള്ളവരാണ് ചില വ്യക്തികൾ എന്ന കാര്യം ശ്രദ്ധിക്കുക (നടപടിക്രമ വിഭാഗം 4 കാണുക).

3. ഒരു MHHS ആശുപത്രി നൽകുന്ന എല്ലാ അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ പരിചരണത്തിനും ഈ FAP ബാധകമാണ്. ആശുപത്രിക്ക് പുറത്തുള്ള വൈദ്യ സേവന ദാതാക്കൾ ഈ FAP അനുസരിക്കേണ്ടതില്ല, ഫിസിഷ്യൻ സേവനങ്ങൾക്ക് ഇത് ബാധകവുമല്ല. നൽകപ്പെടുന്ന സേവനങ്ങൾക്ക്, ഈ FAP-യുടെ ഭാഗമായി പരിരക്ഷയുള്ള, ആശുപത്രി ഫെസിലിറ്റിയിൽ അടിയന്തിര അല്ലെങ്കിൽ മെഡിക്കലായി ആവശ്യമുള്ള മറ്റ് പരിചരണം നൽകുന്ന

ദാതാക്കളുടെ ഒരു ലിസ്റ്റും ഈ FAP-യുടെ ഭാഗമായി പരിരക്ഷയില്ലാത്ത സേവനങ്ങൾ നൽകുന്ന ദാതാക്കളുടെ ലിസ്റ്റും ഇനിപ്പറയുന്ന വിലാസത്തിലുള്ള ഞങ്ങളുടെ വെബ്സൈറ്റിൽ കാണാവുന്നതാണ്. http://www.memorialhermann.org/financialassistanceprogram/. അടിയന്തിര ഡിപ്പാർട്ട്മെൻറിലും രജിസ്ട്രേഷൻ ഏരിയകളിലും, അഭ്യർത്ഥിക്കുകയാണെങ്കിൽ, ഈ ഡോക്യുമെൻറുകളുടെ സൗജന്യ പേപ്പർ പകർപ്പുകൾ ലഭ്യമാകും. തപാൽ വഴിയോ (713) 338-5502 നമ്പറിലോ 1-800-526-2121 നമ്പറിലോ വിളിച്ച് ഓപ്ഷൻ 5 അമർത്തുക വഴിയോ സൗജന്യ പേപ്പർ പകർപ്പുകൾ ലഭ്യമാകും.

4. സാമ്പത്തിക സഹായവുമായി ബന്ധപ്പെട്ട കിഴിവ് തുക, അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ, കണക്കാക്കുന്നതിന് MHHS ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ, MHHS സേവനം നൽകുന്ന കമ്മ്യൂണിറ്റിക്കുള്ളിൽ FAP-ക്ക് വിപുലമായ പ്രചാരണം നൽകുന്നതിന് MHHS കൈക്കൊള്ളുന്ന നടപടിക്രമങ്ങൾ, സാമ്പത്തിക സഹായത്തിനുള്ള അർഹത നിർണ്ണയിക്കുന്നതിന് MHHS ഉപയോഗിക്കുന്ന നടപടിക്രമം, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയുമായി ബന്ധപ്പെട്ട നടപടിക്രമം എന്നിവ ഈ FAP വിവരിക്കുന്നു. പേയ്മെൻറ് നൽകാതിരിക്കുന്ന സാഹചര്യത്തിൽ MHHS കൈക്കൊണ്ടേക്കാവുന്ന നടപടികൾ MHHS ബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ട നയം എന്ന പേരിലുള്ള വേറൊരു നയത്തിൽ വിവരിച്ചിരിക്കുന്നു.ബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ട നയം.  MHHS വെബ്സൈറ്റിൽ ഈ നയം ഡൗൺലോഡ് ചെയ്യാവുന്നതാണ്: http://www.memorialhermann.org/financialassistanceprogram/, അല്ലെങ്കിൽ അത്യാഹിത ഡിപ്പാർട്ട്മെൻറിലും ആശുപത്രി രജിസ്ട്രേഷൻ ഏരിയകളിലും ഒരു സൗജന്യ പേപ്പർ പകർപ്പ് ലഭ്യമാണ്. തപാൽ വഴിയോ (713) 338-5502 നമ്പറിലോ 1-800-5262121 നമ്പറിലോ വിളിച്ച് ഓപ്ഷൻ 5 അമർത്തുക വഴിയോ സൗജന്യ പേപ്പർ പകർപ്പുകൾ ലഭ്യമാകും.

5. സാമ്പത്തിക സഹായ യോഗ്യത നേടുന്നതിന്, രോഗികൾ ഒരു സാമ്പത്തിക സഹായ അപേക്ഷ പൂരിപ്പിക്കുകയും, ആവശ്യമായ പിന്തുണാ രേഖകൾക്കൊപ്പം അത് സമർപ്പിക്കുകയും വേണം (മുൻകൂർ അർഹതയില്ലാത്ത രോഗികളാണ് ഇങ്ങനെ ചെയ്യേണ്ടത്). നിങ്ങൾ സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്ന സേവനങ്ങൾക്കായി ആദ്യ ബില്ലിംഗ് സ്റ്റേറ്റ്മെൻറ് അയച്ച തീയതി കഴിഞ്ഞ് 240 ദിവസങ്ങൾക്കുള്ളിൽ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. നടപടിക്രമ വിഭാഗം 9-ൽ വിവരിച്ചിരിക്കുന്ന പ്രകാരം ഒഴിവാക്കലുകൾ അനുവദിക്കപ്പെടും. ഇന്ന് നിലവിലുള്ളതോ ഭാവിയിൽ ബാധകമായേക്കാവുന്നതോ ആയ ഏതൊരു ഫെഡറൽ, സ്റ്റേറ്റ് അല്ലെങ്കിൽ തദ്ദേശ നിയമങ്ങളെയും ഈ FAP റദ്ദാക്കുന്നില്ല.

6. അർഹതയുള്ള പരിചരണത്തിൻറെ എല്ലാ ഉപവിഭാഗങ്ങൾക്കും, രോഗി നൽകിയ തുകയുമായി ബന്ധപ്പെട്ട്, ബാധകമായ സാമ്പത്തിക സഹായ ഡികിഴിവ് കുറച്ചുള്ള ബാക്കി തുക റീഫണ്ട് ചെയ്യപ്പെടും.

7. FAP അർഹതയുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് ന്യായമായ ശ്രമങ്ങൾ MHHS നടത്തിയിട്ടുണ്ടോ എന്ന് നിർണ്ണയിക്കുന്നതിനുള്ള അന്തിമ അധികാരം MHHS പേഷ്യൻറ് ബിസിനസ്സ് സർവീസസ് ഓഫീസിൽ നിക്ഷിപ്തമാണ്. കാരുണ്യത്തിൻറെയും കാര്യാധീശത്വത്തിൻറെയും മൂല്യങ്ങൾക്ക് അനുസൃതമായി, MHHS-ൻറെ കമ്മ്യൂണിറ്റിക്ക് ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ FAP. ഈ FAP നിലവിലുണ്ട് എന്ന വസ്തുത, ഏതെങ്കിലുമൊരു രോഗിക്ക് സാമ്പത്തിക സഹായം നൽകിയേ തീരൂ എന്ന നിഷ്കർഷയൊന്നും സൃഷ്ടിക്കുന്നില്ല, കൂടാതെ എന്തെങ്കിലും തരത്തിലുള്ള കരാർപരമായ അവകാശങ്ങളോ ബാധ്യതകളോ സൃഷ്ടിക്കുന്നുമില്ല. MHHS മുഖേന, ഈ FAP ഭാവിയിൽ പരിഷ്ക്കരിക്കപ്പെട്ടേക്കുകയോ, ഡയറക്ടർ ബോർഡോ ബോർഡ് നിയോഗിക്കുന്ന വ്യക്തിയോ, സ്വന്തം വിവേചനാധികാര പ്രകാരം അത് അംഗീകരിക്കുകയോ ചെയ്തേക്കാം.

8. ഇവിടെ പ്രസ്താവിച്ചിട്ടുള്ള നയങ്ങളും നടപടിക്രമങ്ങളും, ടെക്സാസ് സ്റ്റേറ്റിൻറെ ചട്ടങ്ങൾക്കും ഇൻറേണൽ റെവന്യൂ കോഡിൻറെ 501(r) വിഭാഗത്തിനും ബന്ധപ്പെട്ട മാർഗ്ഗദർശനത്തിനും അനുസൃതമായി പ്രവർത്തിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

<u>വ്യവസ്ഥകളും നിർവചനങ്ങളും:</u>

1. *അപേക്ഷ:* സാമ്പത്തിക സഹായം ലഭിക്കുന്നതിന് രോഗി പൂരിപ്പിക്കേണ്ട ഒരു അപേക്ഷ എന്നാണ് ഇതിനർത്ഥം.

2. *അപേക്ഷാ കാലയളവ്:* അപേക്ഷാ കാലയളവിൽ, MHHS, സാമ്പത്തിക സഹായത്തിനായുള്ള അപേക്ഷ സ്വീകരിക്കുകയും, പ്രോസസ്സ് ചെയ്യുകയും ചെയ്യുന്നു. വ്യക്തിക്ക് പരിചരണം നൽകിയ ദിവസം മുതലാണ് അപേക്ഷാ കാലയളവ് ആരംഭിക്കുകയും, പരിചരണത്തിനായുള്ള ആദ്യ ബില്ലിംഗ് സ്റ്റേറ്റ്മെൻറിൻറെ തീയതി കഴിഞ്ഞ് 240-മത്തെ ദിവസം കാലയളവ് അവസാനിക്കുകയും ചെയ്യുന്നു.

3. *പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ (AGB):* ഇൻഷൂറൻസുള്ള രോഗികൾക്ക്, പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുക (AGB) അല്ലാതെ, മറ്റൊന്നും, അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി അത്യാവശ്യമായ പരിചരണത്തിനായി, സാമ്പത്തിക സഹായത്തിന് അർഹരായ രോഗികളിൽ നിന്ന് ഈടാക്കുന്നതല്ല.

    a. “ലുക്ക്-ബാക്ക്” രീതി ഉപയോഗിച്ചാണ് MHHS-ൻറെ AGB ശതമാനം കണക്കാക്കുന്നത്, മെഡികെയറിൻറെ അനുവദിക്കപ്പെട്ടിട്ടുള്ള

സേവനത്തിനുള്ള - ഫീ - പേയ്മെൻറ് തുകയെ മുമ്പത്തെ 12 മാസ കാലത്തേക്കായുള്ള ക്ലെയിമുകളുടെ മൊത്തം ചാർജ്ജുകൾ കൊണ്ട് ഹരിക്കുകയാണ് ഈ രീതിയിൽ ചെയ്യുന്നത്. AGB-യേക്കാൾ അധികമായി രോഗികളിൽ നിന്ന് നിരക്ക് ഈടാക്കിയിട്ടില്ലെന്ന് ഉറപ്പാക്കാൻ സാമ്പത്തിക സഹായത്തിന് അർഹരായ രോഗികൾക്ക് നൽകപ്പെടുന്ന ഡിസ്കൗണ്ടുകൾ, AGB ശതമാന നിരക്കുമായി തട്ടിച്ചുകൊണ്ട് അവലോകനം ചെയ്യും.

b. AGB ശതമാനങ്ങൾ, FAP-യുടെ തെളിവ് A-പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകയുടെ കണക്കാക്കൽ കണക്കാക്കൽ എന്നതിൽ കാണാവുന്നതാണ്.

c. പരിഷ്ക്കരിക്കപ്പെട്ട AGB ശതമാനങ്ങൾ, വാർഷികാടിസ്ഥാനത്തിൽ കണക്കാക്കുകയും, കലണ്ടർ വർഷം ആരംഭിച്ച് കഴിഞ്ഞ് 120-മത്തെ ദിവസത്തോടെ ബാധകമാക്കപ്പെടുകയും ചെയ്യും.

4. *വാർഷിക മൊത്ത ഗാർഹിക വരുമാനം:* കുടുംബത്തിൻറെ വാർഷിക വരുമാനവും എല്ലാ ഉറവിടങ്ങളിൽ നിന്നുള്ള പണ ആനുകൂല്യങ്ങളും കൂട്ടിയ, നികുതി നൽകുന്നതിന് മുമ്പുള്ള തുകയിൽ നിന്ന്, ചൈൽഡ് സപ്പോർട്ടിന് നൽകിയ പെയ്മെൻറുകൾ കുറച്ചാൽ ലഭിക്കുന്ന തുക എത്രയാണെന്ന് യുണൈറ്റഡ് സ്റ്റേറ്റ്സ് ഇൻറേണൽ റെവന്യൂ സർവീസിന് റിപ്പോർട്ട് ചെയ്യപ്പെടേണ്ടതാണ്. സമ്പാദ്യം, തൊഴിലില്ലായ്മാ വേതനം, വർക്കേഴ്സ് കോമ്പൻസേഷൻ, സോഷ്യൽ സെക്യൂരിറ്റി, സപ്ലിമെൻറൽ സെക്യൂരിറ്റി ഇൻകം, പബ്ലിക്ക് അസിസ്റ്റൻസ്, വെറ്ററൽ പേയ്മെൻറുകൾ, സർവൈവർ ബെനിഫിറ്റുകൾ, പെൻഷൻ അല്ലെങ്കിൽ റിട്ടയർമെൻറ് വരുമാനം, പലിശ, ഡിവിഡൻറുകൾ, ജീവനാംശം, ചൈൽഡ് സപ്പോർട്ട്, മറ്റ് ഉറവിടങ്ങൾ എന്നിവയൊക്കെ ഗാർഹിക വരുമാനത്തിൽ ഉൾപ്പെടുന്നു, എന്നാൽ ഇവയിൽ മാത്രമായി ചുരുക്കപ്പെടുന്നുമില്ല.

5. *ഐച്ഛിക സേവനങ്ങൾ:* സത്വരശ്രദ്ധ ആവശ്യമില്ലാത്ത രോഗാവസ്ഥ ചികിത്സിക്കുന്നതിനുള്ള സേവനങ്ങൾ. ഐച്ഛികസേവനങ്ങളിൽ, രോഗിക്ക് പ്രയോജനപ്പെടുന്നവയും, എന്നാൽ അടിയന്തിരമായി ആവശ്യമില്ലാത്തതുമായ നടപടിക്രമങ്ങൾ ഉൾപ്പെടുന്നു, ഇവയിൽ വൈദ്യപരമായി ആവശ്യമുള്ള സേവനങ്ങളും വൈദ്യപരമായി ആവശ്യമില്ലാത്തവയും ഉൾപ്പെടും. സാധാരണഗതിയിൽ ആരോഗ്യ ഇൻഷൂറൻസ് പ്ലാനുകളുടെ പരിരക്ഷയിൽ രൂപഭംഗി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിന് വേണ്ടി ചെയ്യപ്പെടുന്ന കോസ്മെറ്റിക് ശസ്ത്രിക്രിയയും ദന്ത ശസ്ത്രക്രിയയും പോലുള്ള സേവനങ്ങളാണവ. വൈദ്യപരമായി ആവശ്യമുള്ളവയല്ലാത്ത ഐച്ഛികസേവനങ്ങൾ സാമ്പത്തിക സഹായത്തിനായി പരിഗണിക്കപ്പെടില്ല.

6. *അടിയന്തിര സേവനങ്ങൾ:* വേണ്ടത്ര തീവ്രതയുള്ള കടുത്ത രോഗലക്ഷണങ്ങൾ

(കടുത്ത വേദന ഉൾപ്പെടെ) ഉള്ള ഒരു മെഡിക്കൽ അവസ്ഥയിൽ ഒരു രോഗിക്ക് നൽകപ്പെടുന്ന സേവനങ്ങൾ, ഇത്തരത്തിലുള്ള അടിയന്തിര വൈദ്യ സഹായം രോഗിക്ക് നൽകാതിരുന്നാൽ, രോഗിയുടെ (അല്ലെങ്കിൽ ഗർഭിണിയായ സ്ത്രീയുടെ കാര്യത്തിൽ, സ്ത്രീക്കോ അവരുടെ ഗർഭസ്ഥ ശിശുവിനോ) ആരോഗ്യം ന്യായമായും പ്രതിസന്ധിയിലാകും അല്ലെങ്കിൽ ശാരീരിക പ്രവർത്തനങ്ങൾക്ക് ഗുരുതരമായ വൈകല്യമുണ്ടാകും അല്ലെങ്കിൽ ശരീരത്തിൻറെ ഏതെങ്കിലും അവയവത്തിനോ ഭാഗത്തിനോ ഗുരുതരമായ വൈകല്യമുണ്ടാകും.

7. *അസാധാരണ കളക്ഷൻ നടപടികൾ ("ECA-കൾ"):* നിയമപരമായ അല്ലെങ്കിൽ ജുഡീഷ്യൽ നടപടിക്രമം ആവശ്യപ്പെടുന്ന കളക്ഷൻ നടപടികളാണിത്, ഈ നടപടികളിൽ മറ്റൊരു കക്ഷിക്ക് കടം വിൽക്കുന്നതോ ക്രെഡിറ്റ് ഏജൻസികളോടോ ബ്യൂറോകളോടോ പ്രതികൂല വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതോ പോലുള്ള മറ്റ് നടപടികളും ഉൾപ്പെടാം. ECA-കളിൽ MHHS ഏർപ്പെടില്ല, മാത്രമല്ല ECA-കളിൽ ഏർപ്പെടാൻ അതിൻറെ കളക്ഷൻസ് വെണ്ടർമാരെ അനുവദിക്കുകയുമില്ല. MHHS-ൻറെ കളക്ഷൻ നയങ്ങൾ, MHHS-ൻറെ പ്രത്യേക MHHS ബില്ലിംഗും കളക്ഷനുമളും ആയി ബന്ധപ്പെട്ട നയങ്ങൾ ബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ട നയം; എന്നതിൽ കാണാവുന്നതാണ്; സൗജന്യ പകർപ്പുകൾ ഓൺലൈനിൽ ഇവിടെ ലഭ്യമാണ്: http://www.memorialhermann.org/financialassistanceprogram/അല്ലെങ്കിൽ എമർജൻസി ഡിപ്പാർട്ട്മെൻറിലും ആശുപത്രി രജിസ്ട്രേഷൻ ഏരിയകളിലും അഭ്യർത്ഥിക്കുകയാണെങ്കിലോ (713) 338-5502 എന്ന നമ്പറിലോ 1-800-526-2121 എന്ന നമ്പറിലോ വിളിച്ചുകൊണ്ട് ഓപ്ഷൻ 5 തിരഞ്ഞെടുക്കുകയാണെങ്കിലോ, സൗജന്യ പേപ്പർ പകർപ്പുകൾ ലഭിക്കുന്നതാണ്.

8. *കുടുംബം:* രോഗി, രോഗിയുടെ ജീവിതപങ്കാളി/സിവിൽ യൂണിയൻ പങ്കാളി, രോഗിയുടെ രക്ഷിതാക്കൾ അല്ലെങ്കിൽ, രക്ഷാകർത്താക്കൾ (രോഗി പ്രായപൂർത്തിയാകാത്ത വ്യക്തിയാണെങ്കിൽ), രോഗിയുടെ രോഗിയുടെ ഇൻകം ടാക്സ് റിട്ടേണിലോ ആശ്രിതരായി കാണിച്ചിരിക്കുന്നവർ, രോഗിയുടെയോ രോഗിയുടെ രക്ഷിതാക്കളുടെയോ രക്ഷാകർത്താക്കളുടെയോ വീട്ടിൽ താമസിക്കുന്ന വ്യക്തികൾ.

9. *ഫെഡറൽ ദാരിദ്ര്യ രേഖ ("FPL"):* ദാരിദ്ര്യ രേഖയിലാണ് വ്യക്തിയെന്ന് പരിഗണിക്കപ്പെടുന്ന വരുമാന നില കുടുംബ യൂണിറ്റിൻറെ വലുപ്പം അനുസരിച്ച് ഈ വരുമാന നില വ്യത്യാസപ്പെടുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെൻറ് ഓഫ് ഹെൽത്ത് ആൻഡ് ഹ്യൂമൻ സർവീസസ് വാർഷികാടിസ്ഥാനത്തിൽ ദാരിദ്ര രേഖ പുതുക്കി നിശ്ചയിക്കുകയും ഫെഡറൽ രജിസ്റ്ററിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും. ഈ FAP-യുടെ ഉദ്ദേശ്യങ്ങൾക്കായി, പ്രസിദ്ധീകരിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ദാരിദ്ര്യ രേഖ പ്രതിനിധീകരിക്കുന്നത്

മൊത്ത വരുമാനത്തെയാണ്. ഈ FAP-യുടെ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള FPL വാർഷികാടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കും.

a. FAP-യുടെ തെളിവ് B-ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങൾ എന്നതിൽ നിലവിലെ FPL-കൾ കാണാവുന്നതാണ്.

10. *സാമ്പത്തിക സഹായം:* FAP-യിൽ നിർവചിക്കുന്ന പ്രകാരമുള്ള ചില സാമ്പത്തികവും മറ്റ് തരത്തിലുള്ളതുമായ യോഗ്യതാ മാനദണ്ഡങ്ങൾ നിറവേറ്റുന്ന രോഗികൾക്ക്, MHHS മുഖേന നൽകപ്പെടുന്ന, വൈദ്യപരമായി ആവശ്യമായതോ അടിയന്തിരമോ ആയ ആരോഗ്യ പരിചരണ സേവനങ്ങൾക്കായി പണമടയ്ക്കുന്നതിൻ ആവശ്യമായ സാമ്പത്തിക വിഭവസാമഗ്രികൾ കരസ്ഥമാക്കാൻ സഹായിക്കുന്നതിന് MHHS നൽകുന്ന പിന്തുണയെയാണ് സാമ്പത്തിക സഹായം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇൻഷ്വറൻസ് ഇല്ലാത്ത രോഗികൾ, താഴ്ന്ന വരുമാനമുള്ള രോഗികൾ, ഭാഗിക പരിരക്ഷ ഉള്ളവരും എന്നാൽ ചില മെഡിക്കൽ ബില്ലുകളോ മെഡിക്കൽ ബില്ലുകളിൽ ബാക്കിതുകയോ അടയ്ക്കാൻ കഴിയാത്തവരുമായ രോഗികൾ എന്നിവർ അർഹരായ രോഗികളിൽ ഉൾപ്പെടാം.

11. *വൈദ്യപരമായി ആവശ്യമായ സേവനങ്ങൾ:* തദ്ദേശ പ്രദേശത്തെ നല്ല വൈദ്യ സമ്പ്രദായത്തിൻറെ മാനദണ്ഡങ്ങൾ പാലിക്കുന്ന, രോഗനിർണ്ണയത്തിനായി നൽകപ്പെടുന്ന സേവനങ്ങൾക്കോ സപ്ലേകൾക്കോ നേരിട്ടുള്ള പരിചരണത്തിനോ ഒരു വൈദ്യപരമായ അവസ്ഥയുടെ ചികിത്സയ്ക്കോ മെഡികെയറും മെഡിക്കെയ്ഡ് പ്രോഗ്രാമുകളും മുഖേന പരിരക്ഷ ലഭിക്കുന്നു, വൈദ്യപരമായി ആവശ്യമാണെന്ന് പരിഗണിക്കപ്പെടുകയും ചെയ്യുന്നു, പ്രധാനമായും രോഗിയുടെയോ ഫിസിഷ്യൻറെയോ സൗകര്യത്തിനായി ഉള്ളവയല്ല ഇവയെല്ലാം. വൈദ്യപരമായി ആവശ്യമായ സേവനങ്ങളിൽ കോസ്മെറ്റിക് ശസ്ത്രക്രിയയോ സാമൂഹികമോ വിദ്യാഭ്യാസപരമോ തൊഴിൽപരമോ ആയ സേവനങ്ങൾ പോലെയുള്ള വൈദ്യ ഇതര സേവനങ്ങളും ഉൾപ്പെടുന്നില്ല.

12. *ലളിത ഭാഷയിലുള്ള സംഗ്രഹം ("PLS"):* MHHS FAP-യുടെ ഒരു ലളിത ഭാഷയിലുള്ള സംഗ്രഹത്തിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു: (a) അർഹതയുമായി ബന്ധപ്പെട്ട ആവശ്യതകളുടെയും നൽകപ്പെടുന്ന പിന്തുണയുടെയും ഒരു ചുരുക്ക വിവരണം;
(b) സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ ഫോമുകൾ കരസ്ഥമാക്കാനാവുന്ന വെബ്സൈറ്റിൻറെയും ഭൗതിക ലൊക്കേഷനുകളുടെയും ഒരു പട്ടിക; (c) FAP-യുടെ ഒരു സൗജന്യ പേപ്പർ പകർപ്പ് എങ്ങനെ കരസ്ഥമാക്കാം എന്നതിനെ കുറിച്ചുള്ള നിർദ്ദേശങ്ങൾ; (5) അപേക്ഷാ നടപടിക്രമവുമായി ബന്ധപ്പെട്ട സഹായം ലഭിക്കുന്നതിനുള്ള സമ്പർക്ക വിവരങ്ങൾ; (6) FAP-യുടെയും ബന്ധപ്പെട്ട ഡോക്യുമെൻറുകളുടെയും ഭാഷാ വിവർത്തനങ്ങളുടെ ലഭ്യത; ഒപ്പം (7)

സാമ്പത്തിക സഹായത്തിന് അർഹതയുള്ളവരായി നിർണ്ണയിക്കപ്പെടുന്ന രോഗികളിൽ നിന്ന് അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ സേവനങ്ങൾക്കായി, പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകയേക്കാൾ കൂടുതൽ ഈടാക്കില്ലെന്ന് സ്ഥിരീകരിക്കുന്ന ഒരു പ്രസ്താവന.

13. *മുൻകൂർ അർഹത അല്ലെങ്കിൽ മുമ്പേ അർഹത ഉണ്ടായിരിക്കുക:* ഒരു സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ പൂരിപ്പിക്കുകയോ സമർപ്പിക്കുകയോ ചെയ്യാതെ, ഇൻഷ്യൂർ ചെയ്യാത്ത രോഗിക്ക് വേണ്ട സാമ്പത്തിക ആവശ്യങ്ങൾ സോദാഹരണസഹിതം തെളിയിക്കുന്നതായി പരിഗണിക്കപ്പെട്ടിട്ടുള്ള ഒരു നിർദ്ദിഷ്ട മാനദണ്ഡത്തോടുള്ള റെഫറൻസ് മുഖേന നടത്തപ്പെടുന്ന ഒരു സാമ്പത്തിക സഹായ അർഹതയുടെ നിർണ്ണയം.

14. *ന്യായമായ പരിശ്രമങ്ങൾ:* രോഗിയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുന്നതിന് മുമ്പ്, FAP-യുടെ ലളിത ഭാഷയിലുള്ള സംഗ്രഹം നൽകിക്കൊണ്ട്, MHHS-ൻറെ FAP-യെ കുറിച്ച്, രോഗിക്ക് അറിയിപ്പ് നൽകുന്നതിന് ന്യായമായ ശ്രമങ്ങൾ MHHS നടത്തും. കൂടുതലായി, MHHS-ൻറെ FAP-യെ കുറിച്ച്, രോഗികളെ അറിയിക്കുന്നതിന് ഇനിപ്പറയുന്ന നടപടികൾ MHHS കൈക്കൊള്ളും:

    a. *പൂർണ്ണമല്ലാത്ത അപേക്ഷകൾ:* പൂർണ്ണമല്ലാത്ത അപേക്ഷയാണ് രോഗി ഒപ്പം/അല്ലെങ്കിൽ കുടുംബം സമർപ്പിക്കുന്നതെങ്കിൽ, എന്തൊക്കെ അധിക വിവരങ്ങളാണ്, അല്ലെങ്കിൽ പ്രമാണങ്ങളാണ് ആവശ്യമെന്ന് വിവരിക്കുന്ന രേഖാമൂലമായ ഒരു അറിയിപ്പ് MHHS നൽകും.

    b. *പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷകൾ:* പൂർണ്ണമായി പൂരിപ്പിച്ച ഒരു സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയാണ് രോഗി ഒപ്പം/അല്ലെങ്കിൽ അയാളുടെ കുടുംബാംഗം സമർപ്പിക്കുന്നതെങ്കിൽ,

    സമയബന്ധിതമായ സാമ്പത്തിക സഹായത്തിനുള്ള രോഗിയുടെ യോഗ്യതാനിർണ്ണയം പ്രമാണീകരിക്കുന്ന രേഖാമൂലമായ അറിയിപ്പ്, MHHS നൽകും. കൂടാതെ, നിർണ്ണയത്തെ (ബാധകമെങ്കിൽ, രോഗിക്ക് എന്തു പിന്തുണയ്ക്കാണോ അർഹതയുള്ളത്, അതുൾപ്പെടെ) കുറിച്ചും നിർണ്ണയം എന്തിനെയൊക്കെയാണ് അടിസ്ഥാനമാക്കുന്നത് എന്നതിനെ കുറിച്ചും രോഗിയെ രേഖാമൂലം അറിയിക്കും. ഈ അറിയിപ്പിൽ, സാമ്പത്തിക സഹായ ശതമാന തുകയോ (അനുമതി ലഭിച്ച അപേക്ഷകൾക്കായി) അല്ലെങ്കിൽ, നിരസനത്തിനുള്ള കാരണമോ(കാരണങ്ങളോ), ബാധകമായിടത്ത് രോഗി ഒപ്പം/അല്ലെങ്കിൽ കുടുംബം അടയ്ക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയോ കൂടി ഈ അറിയിപ്പിൽ ഉൾപ്പെടുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയുടെ വിലയിരുത്തൽ വേളയിൽ, രോഗിക്ക് ഒപ്പം/അല്ലെങ്കിൽ കുടുംബത്തിന്

സ്റ്റേറ്റ്മെൻറുകൾ സ്വീകരിക്കുന്നത് തുടരും.

c. *പേഷ്യൻറ് സ്റ്റേറ്റ്മെൻറുകൾ:* രോഗിയുടെ അക്കൗണ്ട് വിവരവും നൽകാനുള്ള തുകയും വിശദീകരിക്കുന്ന സ്റ്റേറ്റ്മെൻറുകളുടെ ഒരു പരമ്പര MHHS അയയ്ക്കുന്നതാണ്. ലഭ്യമായ ഏതെങ്കിലും ഇൻഷ്വൂറൻസ് പരിരക്ഷയെ കുറിച്ച് MHHS-നെ അറിയിക്കാൻ രോഗിക്ക് ഉത്തരവാദിത്തമുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന ഒരു അഭ്യർത്ഥന, MHHS FAP-യുടെ അറിയിപ്പ്, സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്നതിനുള്ള ഒരു ടെലിഫോൺ നമ്പർ, FAP ഡോക്യുമെൻറുകൾ കരസ്ഥമാക്കാൻ സന്ദർശിക്കേണ്ട വെബ്സൈറ്റ് വിലാസം എന്നിവയൊക്കെ പേഷ്യൻറ് സ്റ്റേറ്റ്മെൻറിൽ ഉൾപ്പെടും.

d. *MHHS വെബ്സൈറ്റ്:* MHHS വെബ്സൈറ്റുകളിൽ, സാമ്പത്തിക സഹായം ലഭ്യമാണെന്നുള്ള അറിയിപ്പ്, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ നടപടിക്രമത്തിന്റെ വിശദീകരണത്തോടുകൂടി, ആർക്കും കാണാവുന്ന ഒരിടത്ത് പോസ്റ്റ് ചെയ്യുന്നതാണ്. ഈ FAP-ക്ക് കീഴിൽ പരിരക്ഷയില്ലാത്തവരും പരിരക്ഷയുള്ളവരുമായ ദാതാക്കളുടെ ഒരു ലിസ്റ്റ്, ലളിത ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക സഹായ അപേക്ഷാ, ബില്ലിംഗുംബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ട നയംകളക്ഷനുകളും ആയി ബന്ധപ്പെട്ട നയം  എന്നിവ MHHS വെബ്സൈറ്റിൽ MHHS നൽകപ്പെടുന്നതാണ്: http://www.memorialhermann.org/financialassistanceprogram/. എമർജൻസി ഡിപ്പാർട്ട്മെൻറിലും രജിസ്ട്രേഷൻ സ്ഥലങ്ങളിലും, അഭ്യർത്ഥിക്കുകയാണെങ്കിൽ, ഈ ഡോക്യുമെൻറുകളുടെ സൗജന്യ പേപ്പർ പകർപ്പുകൾ MHHS ലഭ്യമാക്കും.

15. *വേണ്ടത്ര ഇൻഷ്വൂറൻസ് പരിരക്ഷ ഇല്ലാത്ത രോഗി:* ഒരു ഇൻഷ്വൂറൻസ് പോളിസിക്ക് കീഴിൽ മുഴുവനായോ ഭാഗികമായോ പരിരക്ഷയുള്ള, അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ പരിചരണം സ്വീകരിക്കുന്നതിന്റെ ഫലമായി, സ്വീകരിച്ച പരിചരണത്തിന്റെ ബാക്കിനിൽക്കുന്ന ബാലൻസ് അടയ്ക്കുന്നതിനുള്ള ശേഷിയെയും മറികടക്കുന്ന ഔട്ട്-ഓഫ്-പോക്കറ്റ് ചെലവുകളുള്ള ഒരു രോഗി.

16. *ഇൻഷ്വൂറൻസ് ഇല്ലാത്ത രോഗി:* രോഗി നൽകുന്നതോ മറ്റ് ഉറവിടങ്ങളിൽ നിന്ന് കരസ്ഥമാക്കുന്നതോ ആയ രേഖകളെയും വിവരങ്ങളെയും അടിസ്ഥാനമാക്കി MHHS നിർണ്ണയിക്കുന്ന പ്രകാരം, MHHS നൽകുന്ന ആരോഗ്യ പരിചരണ സേവനങ്ങളുടെ പേയ്മെന്റിനായി, ആരോഗ്യ ഇൻഷ്വൂറൻസ് പോളിസിക്ക് കീഴിൽ, മുഴുവനായോ ഭാഗികമായോ പരിരക്ഷയില്ലാത്ത, ഒരു പബ്ലിക്ക് അല്ലെങ്കിൽ സ്വകാര്യ ആരോഗ്യ ഇൻഷ്വൂറൻസിനോ ആരോഗ്യ ആനുകൂല്യത്തിനോ മറ്റ് ആരോഗ്യ പരിരക്ഷാ പദ്ധതിക്കോ (സ്വകാര്യ ഇൻഷ്വൂറൻസ്, മെഡികെയർ അല്ലെങ്കിൽ മെഡിക്കെയ്ഡ്

അല്ലെങ്കിൽ ക്രൈം വിക്റ്റിം സപ്പോർട്ട് എന്നിവ ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രമായി പരിമിതപ്പെടുത്തുന്നുമില്ല) കീഴിൽ ഒരു ബെനിഫിഷ്യറി അല്ലാത്ത, വർക്കേഴ്സ് കോമ്പൻസേഷൻ, വാഹന ഇൻഷൂറൻസ് അല്ലെങ്കിൽ ബാധ്യത അല്ലെങ്കിൽ മറ്റ് മൂന്നാം കക്ഷി ഇൻഷൂറൻസ് എന്നിവയുടെ ഉദ്ദേശ്യങ്ങളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കാത്ത തരത്തിലുള്ള പരിക്കുള്ള ഒരു രോഗി.

**<u>അവലോകന മാനദണ്ഡങ്ങൾ:</u>**

1. *ആശയവിനിമയം:* സാമ്പത്തിക സഹായം ലഭ്യമാണെന്ന കാര്യത്തെ കുറിച്ച് ഞങ്ങളുടെ രോഗികൾ, അവരുടെ കുടുംബങ്ങൾ, വിപുലമായ കമ്മ്യൂണിറ്റി എന്നിവർക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിന്, MHHS നിരവധി നടപടികൾ കൈക്കൊള്ളുന്നുണ്ട്. സാമ്പത്തിക സഹായം ലഭ്യമാണെന്ന കാര്യം, ആശുപത്രികളിൽ വരുന്ന രോഗികളെയും സന്ദർശകരെയും അറിയിക്കുന്നതാണ് അതിലൊന്ന്. ഓരോ ആശുപത്രിയും സേവനം നൽകുന്ന വിപുലമായ കമ്മ്യൂണിറ്റിയിലെ അംഗങ്ങൾക്ക് ഇടയിൽ ഈ FAP വിപുലമായി പ്രചരിപ്പിക്കുന്നതാണ് മറ്റൊന്ന്. ഈ നടപടികളിൽ ഇനിപ്പറയുന്നവയും ഉൾപ്പെടുന്നു:

    a. *രോഗിയുടെ സമ്മതം:* ആരോഗ്യ പരിചരണ സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഒപ്പിടുന്ന ആരോഗ്യ പരിചരണ സമ്മതത്തിൽ, കാരുണ്യ സേവനങ്ങൾ ആവശ്യമാണോ എന്ന പ്രസ്താവന അടങ്ങിയിരിക്കുന്നു. ആശുപത്രി അഡ്മിഷൻ സമയത്ത് അല്ലെങ്കിൽ ഇനം തിരിച്ച ബില്ലോ സ്റ്റേറ്റ്മെന്റോ ലഭിച്ച് കഴിഞ്ഞ്, അർഹതയുടെ നിർണ്ണയത്തിനായി അഭ്യർത്ഥിക്കേണ്ടതാണ്.

    b. *സാമ്പത്തിക ഉപദേശം:* ആശുപത്രി ബില്ലിന്റെ നിങ്ങളുടെ ഭാഗം അടയ്ക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്ന നില വരും എന്ന് ഭയക്കുന്ന MHHS രോഗികൾ, ആശുപത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവിൽ നിന്ന് വിവരങ്ങൾ ചോദിച്ചറിയണമെന്ന് ശുപാർശ ചെയ്യുന്നു. ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്തവരും വേണ്ടത്ര ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്തവരും ഞങ്ങൾ നൽകുന്ന ആരോഗ്യ പരിചരണ സേവനങ്ങൾക്ക് പണമടയ്ക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് സാമ്പത്തിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുമായ രോഗികൾക്ക് സഹായം നൽകുന്നതിന് ഞങ്ങളുടെ സാമ്പത്തിക ഉപദേഷ്ടാക്കൾ എല്ലാ പ്രയത്നങ്ങളും നടത്തും. സർക്കാർ ധനസഹായമുള്ള വിവിധ പദ്ധതികൾക്ക് കീഴിൽ ധനസഹായം ലഭിക്കാൻ രോഗികൾക്ക് അർഹതയുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് സാമ്പത്തിക ഉപദേഷ്ടാക്കൾ അവരെ സ്ക്രീൻ ചെയ്തേക്കും, വർക്കേഴ്സ് കോമ്പൻസേഷനോ ബാധ്യതാ ക്ലെയിമോ ആയി ബന്ധപ്പെട്ട് അവരെ സഹായിച്ചേക്കും, പേയ്മെൻറ് അടച്ചുതീർക്കാൻ ഒരു

വിപുലീകൃത സമയ പരിധി അനുവദിച്ചേക്കും അല്ലെങ്കിൽ സാമ്പത്തിക സഹായത്തിന് അപേക്ഷിക്കുന്നതിന് സഹായിച്ചേക്കും.

c. *ലളിത ഭാഷയിലുള്ള സംഗ്രഹവും അപേക്ഷയും:* MHHS-ൻറെ FAP-യുടെ ലളിത ഭാഷയിലുള്ള സംഗ്രഹത്തിന്റെ ഒരു പേപ്പർ പകർപ്പും സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയുടെ ഒരു പകർപ്പും, സേവനത്തിന്റെ ഏറ്റവുമടുത്ത പ്രായോഗിക സമയത്തിനുള്ളിൽ എല്ലാ രോഗികൾക്കും ലഭ്യമാക്കും. എമർജൻസി ഡിപ്പാർട്ട്മെൻറിലും രജിസ്ട്രേഷൻ സ്ഥലങ്ങളിലും, അഭ്യർത്ഥിക്കുകയാണെങ്കിൽ, ഈ ഡോക്യുമെൻറുകളുടെ സൗജന്യ പേപ്പർ പകർപ്പുകൾ MHHS ലഭ്യമാക്കും. തപാൽ വഴിയോ 713 -338-5502 അല്ലെങ്കിൽ 1-800-526-2121 എന്ന നമ്പറിലോ വിളിച്ച്, ഓപ്ഷൻ 5 അമർത്തുക വഴിയോ സൗജന്യ പേപ്പർ പകർപ്പുകൾ ലഭ്യമാകും.

d. *വിവർത്തനം ചെയ്ത പകർപ്പുകൾ ലഭ്യമാണ്:* ആശുപത്രി ഫെസിലിറ്റികൾ സേവനം നൽകുന്ന കമ്മ്യൂണിറ്റിയുടെ പരിമിത ഇംഗ്ലീഷ് പ്രാവീണ്യമുള്ള വ്യക്തികളെ പ്രതിനിധീകരിക്കുന്ന അഞ്ച് ശതമാനം (5%) പേർക്കായി അല്ലെങ്കിൽ 1,000 ആളുകൾക്കായി FAP, ബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ടബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ട നയംനയം, ലളിത ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ എന്നിവ MHHS വിവർത്തനം ചെയ്യുന്നതാണ്. ഈ രേഖകളുടെ സൗജന്യ പകർപ്പുകൾ MHHS വെബ്സൈറ്റിൽ MHHS ലഭ്യമാക്കും, അഭ്യർത്ഥിക്കുകയാണെങ്കിൽ, എമർജൻസി ഡിപ്പാർട്ട്മെൻറിലും ആശുപത്രി രജിസ്ട്രേഷൻ ഏരിയകളിലും ഈ രേഖകൾ ലഭ്യമാക്കുന്നതാണ്. തപാൽ വഴിയോ 713 -338-5502 അല്ലെങ്കിൽ 1-800-526-2121 എന്ന നമ്പറിലോ വിളിച്ച്, ഓപ്ഷൻ 5 അമർത്തുക വഴിയോ സൗജന്യ പേപ്പർ പകർപ്പുകൾ ലഭ്യമാകും.

e. *അടയാളം:* സാമ്പത്തിക സഹായവുമായി ബന്ധപ്പെട്ട എല്ലാ പ്രതീകങ്ങളും അടയാളങ്ങളും MHHS എമർജൻസി ഡിപ്പാർട്ട്മെൻറും രോഗി രജിസ്ട്രേഷൻ കൗണ്ടറും ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രമായി പരിമിതപ്പെടുത്താതെ, പൊതുജനങ്ങൾക്ക് വ്യക്തമായി കാണാൻ കഴിയുന്ന ഇടങ്ങളിൽ വ്യക്തമായും പ്രത്യക്ഷമായും പ്രദർശിപ്പിച്ചിരിക്കും. സാമ്പത്തിക സഹായം ലഭ്യമാണെന്ന് അടയാളം സൂചിപ്പിക്കുകയും, കൂടുതൽ വിവരങ്ങൾക്കായി ഒരു സാമ്പത്തിക ഉപദേഷ്ടാവിനെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പർ അടയാളത്തോടൊപ്പം നൽകുകയും ചെയ്യും.

f. *വെബ്സൈറ്റ്:* MHHS വെബ്സൈറ്റുകളിൽ, സാമ്പത്തിക സഹായം ലഭ്യമാണെന്നുള്ള അറിയിപ്പ്, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ നടപടിക്രമത്തിന്റെ വിശദീകരണത്തോടുകൂടി, ആർക്കും കാണാവുന്ന ഒരിടത്ത് പോസ്റ്റ് ചെയ്യുന്നതാണ്. FAP-ക്ക് കീഴിൽ പരിരക്ഷയില്ലാത്തവരും പരിരക്ഷയുള്ളവരുമായ ദാതാക്കളുടെ ഒരു ലിസ്റ്റ്, ലളിത ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക സഹായ അപേക്ഷാ, ബില്ലിംഗുംബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ട നയംകളക്ഷനുകളും ആയി ബന്ധപ്പെട്ട നയം  എന്നിവ MHHS വെബ്സൈറ്റിൽ MHHS പോസ്റ്റ് ചെയ്യുന്നതാണ്: http://www.memorialhermann.org/financialassistanceprogram/

g. *രോഗിയുടെ ബില്ലുകളും സ്റ്റേറ്റ്മെൻറുകളും:* ലഭ്യമായ എന്തെങ്കിലും ഇൻഷൂറൻസ് പരിരക്ഷയെ കുറിച്ച് MHHS-നെ അറിയിക്കാൻ രോഗിക്ക് ഉത്തരവാദിത്തമുണ്ടെന്ന ഒരു അഭ്യർത്ഥന, MHHS FAP-യുടെ ഒരറിയിപ്പ്, സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്നതിനുള്ള ടെലിഫോൺ നമ്പർ, സാമ്പത്തിക സഹായവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാകാൻ സന്ദർശിക്കേണ്ട വെബ്സൈറ്റ് വിലാസം എന്നിവയൊക്കെ പേഷ്യൻറ് സ്റ്റേറ്റ്മെൻറിൽ ഉൾപ്പെടും.

h. തപാൽ അല്ലെങ്കിൽ ഫാക്സ്: രോഗികൾക്ക് തപാൽ വഴിയോ ഫാക്സ് വഴിയോ ഈ പ്രമാണങ്ങളുടെ സൗജന്യ പകർപ്പുകൾക്കായി രേഖാമൂലമുള്ള അഭ്യർത്ഥന അയയ്ക്കാവുന്നതാണ്, വ്യക്തിയുടെ മുഴുവൻ പേരും, MHHS ഡോക്യുമെൻറുകൾ അയച്ച് തരേണ്ട തപാൽ വിലാസവും അഭ്യർത്ഥനയിൽ ഉൾപ്പെടുത്തണം.

Memorial Hermann Health
System Attn: Financial Assistance
909 Frostwood
Suite 3:100
Houston, Texas 77024
ഫാക്സ്: 713-338-6500

2. *യോഗ്യതാ നിർണ്ണയം:* സാമ്പത്തിക ആവശ്യകതയുടെ വ്യക്തിഗതമായ ഒരു വിലയിരുത്തൽ ഉൾപ്പെടുന്ന നടപടിക്രമങ്ങൾ അനുസരിച്ചാണ് സാമ്പത്തിക സഹായം നിർണ്ണയിക്കപ്പെടുന്നത്. ഈ നടപടിക്രമങ്ങൾ താഴെ വിവരിച്ചിരിക്കുന്നു:

a. താഴെയുള്ള നടപടിക്രമം വിഭാഗം 4-ൽ വിവരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് മുൻകൂർ അർഹതാ നിർണ്ണയം പൂർത്തിയാക്കപ്പെടുന്നു. ഒരു

രോഗിക്ക് സാമ്പത്തിക സഹായത്തിന് മുൻകൂർ അർഹത ഉണ്ടെങ്കിൽ, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ നൽകേണ്ട ആവശ്യമില്ല. എന്നിരുന്നാലും, സ്ക്രീനിംഗ് പ്രക്രിയയുമായി രോഗിയോ ഗ്യാരണ്ടറോ സഹകരിക്കുമെന്നും മുൻകൂർ അർഹതയുടെ നിർണ്ണയം നടത്തുന്നതിന് ആവശ്യമായ വ്യക്തിഗത വിവരങ്ങളും സാമ്പത്തിക വിവരങ്ങളും ഡോക്യുമെന്റേഷനും നൽകുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

b. സാമ്പത്തിക സഹായ അപേക്ഷാ പ്രക്രിയയിൽ രോഗിയോ ഗ്യാരണ്ടറോ സഹകരിക്കുകയും മുൻകൂർ അർഹതയുടെ നിർണ്ണയം നടത്തുന്നതിന് ആവശ്യമായ വ്യക്തിഗത വിവരങ്ങളും സാമ്പത്തിക വിവരങ്ങളും രേഖകളും നൽകുകയും ചെയ്യേണ്ടതുണ്ട്;

c. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുന്നതിന് മുമ്പ്, ലളിത ഭാഷയിലുള്ള ഒരു സംഗ്രഹത്തിൽ MHHS-ന്റെ FAP-യെ കുറിച്ച് രോഗിക്ക് അറിയിപ്പ് നൽകുന്നത് ഉൾപ്പെടെ, രോഗിക്ക് FAP ലഭിക്കാൻ അർഹതയുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് ന്യായമായ എല്ലാ ശ്രമങ്ങളും MHHS ചെയ്യുന്നതാണ്. കൂടാതെ, MHHS-ന്റെ FAP-യെ കുറിച്ച്, രോഗികളെ അറിയിക്കുന്നതിന് ഇനിപ്പറയുന്ന നടപടികൾ MHHS കൈക്കൊള്ളും:

   i. *പൂർണ്ണമല്ലാത്ത അപേക്ഷകൾ:* പൂർണ്ണമല്ലാത്ത അപേക്ഷയാണ് രോഗി ഒപ്പം/അല്ലെങ്കിൽ കുടുംബം സമർപ്പിക്കുന്നതെങ്കിൽ, പ്രാരംഭ അപേക്ഷ ലഭിച്ച് കഴിഞ്ഞ് നാൽപ്പത്തിയഞ്ച് (45) ദിവസത്തിനുള്ളിൽ എന്തൊക്കെ അധിക വിവരങ്ങളാണ് അല്ലെങ്കിൽ ഡോക്യുമെന്റേഷനാണ് ആവശ്യമെന്ന് വിവരിക്കുന്ന ഒരു രേഖാമൂലമുള്ള അറിയിപ്പ് MHHS നൽകും.
   ii. *രോഗിയുടെ സ്റ്റേറ്റ്മെന്റുകൾ:* ലഭ്യമായ എന്തെങ്കിലും ഇൻഷുറൻസ് പരിരക്ഷയെ കുറിച്ച് MHHS-നെ അറിയിക്കാൻ രോഗിക്ക് ഉത്തരവാദിത്തമുണ്ടെന്ന ഒരു അഭ്യർത്ഥന, MHHS-ന്റെ FAP-യുടെ അറിയിപ്പ്, സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്നതിനുള്ള ഒരു ടെലിഫോൺ നമ്പർ, സാമ്പത്തിക സഹായവുമായി ബന്ധപ്പെട്ട ഡോക്യുമെൻറുകൾ കരസ്ഥമാക്കാൻ സന്ദർശിക്കേണ്ട വെബ്സൈറ്റ് വിലാസം എന്നിവയൊക്കെ രോഗിയുടെ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നു.
   iii. *MHHS വെബ്സൈറ്റ്:* MHHS വെബ്സൈറ്റുകളിൽ, സാമ്പത്തിക സഹായം ലഭ്യമാണെന്നുള്ള അറിയിപ്പ്, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ നടപടിക്രമത്തിന്റെ വിശദീകരണത്തോടുകൂടി, ആർക്കും കാണാവുന്ന ഒരിടത്ത് പോസ്റ്റ് ചെയ്യുന്നതാണ്. MHHS വെബ്സൈറ്റിൽ: http://www.memorialhermann.org/financialassistanceprogram/,

FAP-ക്ക് കീഴിൽ പരിരക്ഷയില്ലാത്തവരും പരിരക്ഷയുള്ളവരുമായ ദാതാക്കളുടെ ഒരു പട്ടിക സമേതം FAP, ലളിത ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക സഹായ അപേക്ഷാ, ബില്ലിംഗുംബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ട നയംബില്ലിംഗും കളക്ഷനുകളുമായി ബന്ധപ്പെട്ട നയം. എന്നിവ MHHS പോസ്റ്റ് ചെയ്യുന്നതാണ്.

iv. *അഭ്യർത്ഥിച്ചാൽ ലഭ്യമാകുന്ന ഡോക്യുമെൻറുകൾ:* MHHS-ന്റെ പക്കൽ ഈ FAP-ക്ക് കീഴിൽ പരിരക്ഷയില്ലാത്തവരും പരിരക്ഷയുള്ളവരുമായ ദാതാക്കളുടെ ഒരു ലിസ്റ്റുള്ള FAP, ലളിത ഭാഷയിലുള്ള സംഗ്രഹം, സാമ്പത്തിക സഹായ അപേക്ഷാ, ബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ടബില്ലിംഗും കളക്ഷനുകളും ആയി ബന്ധപ്പെട്ട നയംനയം എന്നിവയുടെ സൗജന്യ പേപ്പർ പകർപ്പുകൾ ഉണ്ടായിരിക്കും, എമർജൻസി ഡിപ്പാർട്ട്മെൻറിലും രജിസ്ട്രേഷൻ ഏരിയകളിലും, അഭ്യർത്ഥിക്കുകയാണെങ്കിൽ ഇവ ലഭിക്കും.

d. ക്രെഡിറ്റ് സ്കോറുകൾ ഉൾപ്പെടെ, TransUnion വഴിയോ Experian വഴിയോ പണമടയ്ക്കുന്നതിനുള്ള ഒരു രോഗിയുടെയോ ഗ്യാരണ്ടറുടെയോ കഴിവിനെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന, പൊതുതലത്തിൽ ലഭ്യമായ ഡാറ്റാ ഉറവിടങ്ങളുടെ ഉപയോഗം.

e. MHHS-ൽ നൽകപ്പെട്ട മുൻ സേവനങ്ങൾക്കായി കിട്ടാൻ ബാക്കിനിൽക്കുന്ന തുകകൾ, രോഗിയുടെ പേയ്മെൻറ് ചരിത്രം അല്ലെങ്കിൽ മോശം കടത്തിന്റെ ചരിത്രം എന്നിവയുടെ ഒരു അവലോകനം;

f. MHHS നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിതാനം, വരുമാനത്തെയും കുടുംബത്തിന്റെ വലുപ്പത്തെയും FPL-നെയും അടിസ്ഥാനമാക്കിയാണ്. ഇൻഷൂറൻസ് ഉള്ള രോഗികൾക്കും ഇൻഷൂറൻസ് ഇല്ലാത്ത രോഗികൾക്കും സാമ്പത്തിക സഹായത്തിന് അപേക്ഷിക്കാവുന്നതാണ്; കൂടാതെ

g. സാമ്പത്തിക സഹായത്തിനുള്ള രോഗിയുടെ അർഹത താഴെ കാണിച്ചിട്ടുള്ള മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയായിരിക്കും. എങ്കിലും, രോഗിയുടെ സാമ്പത്തിക നിലയെയും ദുർബലമായ സാമ്പത്തിക സാഹചര്യങ്ങളെയും മൂന്നാം കക്ഷി ആരോഗ്യ പരിചരണ ആനുകൂല്യങ്ങളുടെ ലഭ്യതയെയും അടിസ്ഥാനമാക്കി

ഇത് വ്യത്യാസപ്പെടാം. ഫെഡറൽ സർക്കാർ FPL മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വാർഷികാടിസ്ഥാനത്തിൽ യോഗ്യതാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിക്കപ്പെടുന്നു. മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള വരുമാനത്തിനേക്കാൾ കൂടുതൽ വരുമാനമുള്ള

കുടുംബങ്ങളെ പേയ്മെൻറ് പ്ലാൻ പരിഗണനയ്ക്ക് വേണ്ടി സ്ക്രീൻ ചെയ്യാവുന്നതാണ്.

3. *സാമ്പത്തിക സഹായത്തിനുള്ള രോഗിയുടെ അർഹത:* സാമ്പത്തിക സഹായം ലഭിക്കാൻ അർഹത നേടുന്ന ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തവരും വേണ്ടത്ര ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തവരുമായ രോഗികൾക്ക് നൽകുന്ന ഡിസ്കൗണ്ടുകൾ നിർണ്ണയിക്കുന്നതിന്, FPL-കളെ അടിസ്ഥാനമാക്കി, ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ ഉപയുക്തമാക്കുന്നതാണ്. കാരുണ്യത്തിന് അർഹതയുണ്ടാവുന്നതിന്, വേണ്ടത്ര ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത രോഗികൾ, ഇൻഷ്വറൻസ് പ്രീമിയം അടച്ചിരിക്കണം. AGB-യേക്കാൾ അധികമായി രോഗികളിൽ നിന്ന് നിരക്ക് ഈടാക്കിയിട്ടില്ലെന്ന് ഉറപ്പാക്കാൻ സാമ്പത്തിക സഹായത്തിന് അർഹരായ രോഗികൾക്ക് നൽകപ്പെടുന്ന കിഴിവുകൾ, AGB ശതമാന നിരക്കുമായി തട്ടിച്ചുകൊണ്ട് അവലോകനം ചെയ്യും.

   a. **സൗജന്യ പരിചരണം:**

      i. ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത ഒരു രോഗിയുടെ വാർഷിക മൊത്ത ഗാർഹിക വരുമാനം, നിലവിലെ ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശത്തിന്റെ ഇരുന്നൂറ് ശതമാനത്തിന് (200%) തുല്യമോ അതിലും കുറവോ, ആണെങ്കിൽ, സാമ്പത്തിക പിന്തുണാ യോഗ്യതയുമായി ബന്ധപ്പെട്ട പട്ടികയിൽ (തെളിവ് A-പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകയുടെ കണക്കാക്കൽ), നിഷ്ക്കർഷിച്ചിട്ടുള്ളത് പോലെ, സൗജന്യ പരിചരണം (100%കിഴിവ്) ലഭിക്കുന്നതിന് രോഗി(അല്ലെങ്കിൽ മറ്റ് ഉത്തരവാദിത്തപ്പെട്ട കക്ഷി) അർഹനായിരിക്കും, അക്കൗണ്ട് ബാലൻസിന്റെ ഒരു ഭാഗത്തിനും അയാൾ കടക്കാരനാക്കപ്പെടുകയുമില്ല.
      ii. മെഡികെയറിലൂടെ പ്രാഥമിക ആരോഗ്യ പരിരക്ഷ ഉള്ളവരും മെഡിക്കെയ്ഡിലൂടെ ദ്വിതീയ പരിരക്ഷയ്ക്ക് യോഗ്യതയുള്ളവരുമായ രോഗികൾക്ക്, മെഡിക്കെയ്ഡിന് ബിൽ ചെയ്തതിനോടനുബന്ധിച്ച് THMP-യിൽ നിന്നോ മാനേജ് ചെയ്യപ്പെടുന്ന മെഡിക്കെയ്ഡ് പേയറിൽ നിന്നോ തീർപ്പ് കൽപ്പിക്കപ്പെട്ട ക്ലെയിം സ്വീകരിച്ചതിന് ശേഷം, ബാക്കി നിൽക്കുന്ന എന്തെങ്കിലും തുകയിൽ നൂറ് ശതമാനവും (100%) കിഴിവ്ലഭിക്കും.

   b. **കിഴിവുള്ളപരിചരണം:**

      i. രോഗിയുടെ/വ്യക്തികളുടെ വാർഷിക മൊത്ത ഗാർഹിക വരുമാനം, നിലവിലെ ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശത്തിൻറെ ഇരുന്നൂറ്

ശതമാനത്തെ (200%) മറികടക്കുന്നുവെങ്കിലും, എന്നാൽ നാനൂറ് ശതമാനത്തിലും (400%) കൂടുതലല്ലെങ്കിലും, ഇൻഷ്വറൻസ് പരിരക്ഷയുള്ള രോഗികൾക്ക് പൊതുവെ ബിൽ ചെയ്യുന്ന തുകയുടെ (AGB) നിരക്കിൽ കിഴിവിന്അർഹതയുണ്ടായിരിക്കും.

ii. ആശുപത്രി ബില്ലുകളുമായി ബന്ധപ്പെട്ട് അക്കൗണ്ട് ബാലൻസിൽ ബാക്കി നിൽക്കുന്ന തുകയുള്ള രോഗികൾക്ക്, ഇനിപ്പറയുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുകയാണെങ്കിൽ കിഴിവിന് അർഹത ഉണ്ടായേക്കാം: 1) വ്യക്തിയുടെ വാർഷിക മൊത്ത ഗാർഹിക വരുമാനത്തിന്റെ പത്ത് ശതമാനത്തിലും (10%) മുകളിലാണ് ബാക്കി നിൽക്കുന്ന തുക; 2) ബിൽ ബാലൻസിൽ ബാക്കി നിൽക്കുന്ന തുക മുഴുവൻ അല്ലെങ്കിൽ ഒരു ഭാഗം അടയ്ക്കാൻ രോഗിക്ക് കഴിവില്ല; ഒപ്പം 3) ബിൽ ബാലൻസ് ചുരുങ്ങിയത് $5,000 ആണ്. ഈ സാഹചര്യങ്ങളിൽ, FAP പ്രക്രിയയുമായി രോഗിയോ ഗ്യാരണ്ടറോ സഹകരിക്കുമെന്നും അർഹതയുടെ നിർണ്ണയം നടത്തുന്നതിന് ആവശ്യമായ വ്യക്തിഗത വിവരങ്ങളും സാമ്പത്തിക വിവരങ്ങളും ഡോക്യുമെന്റേഷനും നൽകുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. അംഗീകരിക്കപ്പെടുന്നുവെങ്കിൽ, അക്കൗണ്ട് ബാലൻസിൽ ബാക്കി നിൽക്കുന്ന തുകയിലേക്ക്, വാർഷിക മൊത്ത ഗാർഹിക വരുമാനത്തിന്റെ പത്ത് ശതമാനത്തിലും (10%) കൂടുതലല്ലാത്ത തുക അടയ്ക്കുന്നതിന് രോഗിക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കും അല്ലെങ്കിൽ AGB കിഴിവ് പ്രയോഗിക്കപ്പെടും, ഇതിൽ കുറവുള്ളതും രോഗിയുടെ സാമ്പത്തിക സാഹചര്യത്തിന് ഏറ്റവും പ്രയോജനപ്പെടുന്നതുമായ തുക പരിഗണിക്കപ്പെടുന്നു.

4. *മുൻകൂർ അർഹത:* ഇൻഷ്വർ ചെയ്യാത്ത രോഗികളുടെ കാര്യത്തിൽ, താഴെ ലിസ്റ്റ് ചെയ്തിട്ടുള്ള മാനദണ്ഡങ്ങളിൽ ഒന്നിന്റെ സാന്നിദ്ധ്യത്തെ അടിസ്ഥാനമാക്കി, സാമ്പത്തിക സഹായത്തിനായുള്ള അർഹത നിർണ്ണയിക്കപ്പെട്ടേക്കാം. മാനദണ്ഡങ്ങളിൽ ഒന്നെങ്കിലും പാലിക്കുന്നുണ്ടെന്ന് തെളിയിക്കപ്പെട്ടാൽ, വരുമാനത്തിന്റെ മറ്റെന്തെങ്കിലും തെളിവ് ആവശ്യപ്പെടുകയില്ല.  FPL-ന്റെ രണ്ട് മടങ്ങിലും കുറവാണ് രോഗിയുടെ ഗാർഹിക വരുമാനം, ഒപ്പം വൈദ്യപരമായി ആവശ്യമായ നിരക്കുകൾക്ക്നൂറ് ശതമാനം (100%) കിഴിവിന്രോഗിക്ക് അർഹതയുമുണ്ട് എന്ന സാഹചര്യത്തിന്റെ പ്രതിനിധാനമാണ് താഴെയുള്ള ലിസ്റ്റ്. വൈദ്യപരമായി ആവശ്യമുള്ള സേവനങ്ങൾ സ്വീകരിച്ച് കഴിഞ്ഞതിന് ശേഷം, സാധ്യമായത്ര വേഗത്തിൽ, ആ സേവനങ്ങൾക്ക് എന്തെങ്കിലും ബിൽ ഇഷ്യൂ ചെയ്യുന്നതിന് മുമ്പായി, ഇൻഷ്വർ പരിരക്ഷയില്ലാത്ത രോഗിക്കായുള്ള മുൻകൂർ അർഹതയുടെ സ്ക്രീനിംഗ് പൂർത്തിയാക്കേണ്ടതാണ്. മുൻകൂർ അർഹത നിലയ്ക്ക് സാധ്യതയുണ്ടെന്ന് അറിയിക്കുകയാണെങ്കിൽ, മുൻകൂർ അർഹതയുടെ അവലോകന പ്രക്രിയ പൂർത്തിയാകുന്ന സമയത്ത്, മുപ്പത്

(30) ദിവസത്തേക്ക് രോഗിക്കുള്ള സ്റ്റേറ്റ്മെൻറ് MHHS തടഞ്ഞുവയ്ക്കും. മൂന്നാം കക്ഷി ഇൻഷൂറൻസ് പരിരക്ഷ (മെഡിക്കെയ്ഡ് പോലുള്ള സ്റ്റേറ്റ് അല്ലെങ്കിൽ തദ്ദേശ പിന്തുണാ പ്രോഗ്രാമുകൾ അല്ലാതുള്ളത്) ഉള്ള രോഗികൾ മുൻകൂർ അർഹതയ്ക്കായി പരിഗണിക്കപ്പെടില്ല, സാമ്പത്തിക സഹായം ലഭിക്കാൻ അവരൊരു അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

a. ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന, ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്ത രോഗികളെ, അടിയന്തിരമോ വൈദ്യപരമായി ആവശ്യമായതോ ആയ നിരക്കുകളുടെ നൂറ് ശതമാനം (100%)കിഴിവിന്, മുൻകൂർ അർഹത ഉള്ളവരായി പരിഗണിക്കും:

    i. വീടില്ലാത്തവർ അല്ലെങ്കിൽ ഒരു ഹോംലെസ് ക്ലിനിക്കിൽ നിന്ന് പരിചരണം സ്വീകരിച്ചിട്ടുണ്ട്;
    ii. സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും കുട്ടികൾക്കുമുള്ള പദ്ധതികളിലെ (WIC) പങ്കാളിത്തം;
    iii. ഫുഡ് സ്റ്റാമ്പിനുള്ള അർഹത;
    iv. അനുബന്ധ പോഷണ സഹായ പ്രോഗ്രാം (SNAP);
    v. മറ്റ് സ്റ്റേറ്റ് അല്ലെങ്കിൽ തദ്ദേശ പിന്തുണാ പദ്ധതികൾക്കായുള്ള (ഉദാഹരണത്തിന് മെഡിക്കെയ്ഡിലെ തുക തീർന്നു) അർഹത;
    vi. താഴ്ന്ന വരുമാനം/സാധുതയുള്ളൊരു വിലാസമായി സബ്സിഡിയുള്ള വീട് നൽകിയിരിക്കുന്നു;
    vii. മെഡിക്കൽ സേവനങ്ങൾക്കായി ഒരു ധന സഹായ പിന്തുണ ലഭിച്ചിട്ടുണ്ട്;
    viii. രോഗിക്ക് വേണ്ടി കാര്യങ്ങൾ ചെയ്യാൻ ആരുമില്ല, മാനസിക ശേഷിക്കുറവുണ്ട്;
    ix. സമീപകാലത്ത് വ്യക്തിപരമായി പാപ്പരായി;
    x. ഒരു നിയമ സ്ഥാപനം തടവിലാക്കിയിരിക്കുന്നു;
    xi. രോഗി മരിച്ചിരിക്കുന്നു, അറിയപ്പെടുന്ന സ്വത്തൊന്നും രോഗിക്കില്ല; അല്ലെങ്കിൽ
    xii. ഒരു ഇലക്ട്രോണിക്ക് സ്കോറിംഗ് മോഡൽ (താഴെ വിവരിച്ചിരിക്കുന്നു) നിർണ്ണയിക്കുന്ന പ്രകാരം.

b. **ഇലക്ട്രോണിക്ക് സ്കോറിംഗ് മോഡൽ:** ഇൻഷൂറൻസ് പരിരക്ഷയില്ലാത്ത രോഗിയോ ഗ്യാരണ്ടറോ FAP പൂർത്തിയാക്കുന്നില്ലെങ്കിലോ അർഹത നിർണ്ണയിക്കുന്നതിന് ആവശ്യമായ സാമ്പത്തിക ഡോക്യുമെൻറേഷൻ നൽകുന്നില്ലെങ്കിലോ, സാമ്പത്തിക വിഭാഗം, മുമ്പത്തെ കാരുണ്യ സജ്ജീകരണം, സിപ്പ് കോഡ്, പ്രായം, പേയ്മെൻറ് ചരിത്രം, മുമ്പത്തെ

മോശം കടം, അക്കൗണ്ട് ബാലൻസ്, അഡ്മിറ്റ് ഉറവിടം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കി സ്കോർ അനുമാനിക്കുന്ന ഒരു ഇലക്ട്രോണിക്ക് സ്കോറിംഗ് മോഡൽ (ESM) ഉപയോഗിച്ചുകൊണ്ട് അക്കൗണ്ട് സ്ക്രീൻ ചെയ്യപ്പെട്ടേക്കാം. അക്കൗണ്ടിന് FAP ലഭിക്കാനുള്ള ഉയർന്ന സാധ്യത ഉണ്ടെന്ന് ESM സ്കോർ സൂചിപ്പിക്കുകയാണെങ്കിൽ, ഇൻഷൂറൻസ് പരിരക്ഷ ഇല്ലാത്ത അക്കൗണ്ടിന്, ഈ FAP-ക്ക് അനുസൃതമായി, ഒരു മുൻകൂർ FAP കിഴിവിന്അർഹത നൽകപ്പെടും.

5. *അർഹതയുടെ സമയരേഖ:*

    a. ഇൻഷൂറൻസ് പരിരക്ഷയില്ലാത്ത രോഗികൾക്ക്, എല്ലാ ഓപ്പൺ സെൽഫ്-പേ ബാലൻസുകൾക്കും പരിചരണത്തിന്റെ നിലവിലെ എപ്പിസോഡിനും, മുൻകാല പ്രാബല്യത്തോടെയായിരിക്കും സാമ്പത്തിക സഹായത്തിനുള്ള അർഹതയും മുൻകൂർ അർഹതയും. നടപടിക്രമ വിഭാഗം 3-ൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകളെ അടിസ്ഥാനമാക്കി, രോഗികളുടെ അർഹത നിർണ്ണയിക്കപ്പെടും, വേഗത്തിലോ സമയാസമയങ്ങളിലോ ഉള്ള പേയ്മെന്റുകൾ നടത്തുന്നതുമൂലം കോട്ടമൊന്നും സംഭവിക്കില്ല. കൂടാതെ, സാമ്പത്തിക സഹായത്തിനായി അപേക്ഷ പൂരിപ്പിക്കുന്ന രോഗിക്കായി, രോഗിയിൽ നിന്ന് കൂടുതൽ നടപടിയൊന്നും ആവശ്യമില്ലാതെ തന്നെ, ആറുമാസക്കാലത്തേക്ക് മുൻകൂറായി അധിക സാമ്പത്തിക സഹായം നൽകപ്പെടുന്നതാണ്. രോഗിയുടെ സാമ്പത്തിക സാഹചര്യത്തിൽ, ആറ് (6) മാസ കാലയളവിൽ സംഭവിക്കുന്നതും, സംഭവിച്ചതിനെ തുടർന്ന് മുപ്പത് (30) ദിവസത്തിനുള്ളിൽ സാമ്പത്തിക സഹായത്തിന്റെ നിർണ്ണയത്തെ ബാധിച്ചേക്കാവുന്നതുമായ എന്തെങ്കിലും സാരമായ മാറ്റത്തെ കുറിച്ച് MHHS-നെ അറിയിക്കുവാൻ രോഗിക്ക് ചുമതലയുണ്ട്. ഗാർഹിക വരുമാനത്തിൽ ഉണ്ടാവുന്ന സാരമായൊരു മെച്ചപ്പെടൽ വെളിപ്പെടുത്താൻ രോഗി വീഴ്ച വരുത്തുന്ന പക്ഷം, സാരമായ മെച്ചപ്പെടൽ സംഭവിച്ചതിന് ശേഷമുള്ള സമയത്തേക്ക് MHHS മുഖേനയുള്ള സാമ്പത്തിക സഹായത്തിന്റെ ഏതൊരു വകുപ്പും റദ്ദാക്കപ്പെടും.

6. *അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ സേവനങ്ങൾ:* ഒരു ആശുപത്രി സജ്ജീകരണത്തിൽ നൽകപ്പെടുന്ന അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ സേവനങ്ങളിലേക്ക് മാത്രമായി സാമ്പത്തിക സഹായം പരിമിതപ്പെടുത്തിയിരിക്കുന്നു. പണമടയ്ക്കുന്നതിനുള്ള രോഗിയുടെ കഴിവ് പരിഗണിക്കാതെ തന്നെ അടിയന്തിര മെഡിക്കൽ അവസ്ഥകൾക്ക് ചികിത്സ നൽക്കണമെന്ന കാര്യം നിഷ്ക്കർഷിക്കുന്ന ഫെഡറൽ അല്ലെങ്കിൽ സ്റ്റേറ്റ് നിയമങ്ങൾക്ക് അനുസൃതമായുള്ള MHHS-ന്റെ ബാധ്യതകളെയും

സമ്പ്രദായങ്ങളെയും മാറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല ഈ വിഭാഗത്തിലെ ഒന്നും.

7. *അപേക്ഷാ പ്രക്രിയ*

   a. *എങ്ങിനെ അപേക്ഷിക്കണം:* ഒരു സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ പൂരിപ്പിക്കുകയും, പിന്തുണയ്ക്കുന്ന രേഖകളോടൊപ്പം സമർപ്പിക്കുകയും ചെയ്യണം. അപേക്ഷാ ഫോമിന്റെ സൗജന്യ പകർപ്പുകൾ ഇനിപ്പറയുന്ന വിലാസത്തിലുള്ള MHHS-ൻറെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുന്നതിന് ലഭ്യമാണ്: http://www.memorialhermann.org/financialassistanceprogram/ അടിയന്തിര ഡിപ്പാർട്ട്മെൻറിലും ആശുപത്രി രജിസ്ട്രേഷൻ ഏരിയകളിലും സൗജന്യ പേപ്പർ പകർപ്പുകൾ ലഭ്യമാകും. തപാൽ വഴിയോ (713) -338-5502 നമ്പറിലോ 1-800-526-2121 നമ്പറിലോ വിളിച്ച്, ഓപ്ഷൻ 5 അമർത്തുക വഴിയോ സൗജന്യ പേപ്പർ പകർപ്പുകൾ ലഭ്യമാകും.

   b. അപേക്ഷകർക്ക്, പൂരിപ്പിച്ച അപേക്ഷാ ഫോമും പിന്തുണയ്ക്കുന്ന ഡോക്യുമെൻറുകളും, ആശുപത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവിന് അയയ്ക്കാവുന്നതാണ് അല്ലെങ്കിൽ താഴെ ലിസ്റ്റ് ചെയ്തിട്ടുള്ള വിലാസത്തിലേക്ക് തപാൽ മുഖേനയും അയയ്ക്കാവുന്നതാണ്. ഇൻഫർമേഷൻ ഡെസ്ക്ക് സന്ദർശിച്ച്, ഒരു സാമ്പത്തിക ഉപദേഷ്ടാവിനോട് സംസാരിക്കണമെന്ന് ആവശ്യപ്പെട്ടാൽ രോഗികൾക്ക് ആശുപത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവിനെ കണ്ടെത്താനാകും. അപേക്ഷാ പ്രക്രിയയെ കുറിച്ച് ചോദ്യങ്ങൾ ഉണ്ടെങ്കിലോ അപേക്ഷ പൂരിപ്പിക്കുന്നതിന് സഹായം വേണമെങ്കിലോ സമർപ്പിച്ച അപേക്ഷയുടെ അവസ്ഥ പരിശോധിക്കുന്നതിനോ, ആശുപത്രിയിൽ നിങ്ങളെ നേരിട്ട് സഹായിക്കുന്നതിന് ആശുപത്രിയുടെ സാമ്പത്തിക ഉപദേഷ്ടാക്കളുടെ സേവനം ലഭ്യമാണ് അല്ലെങ്കിൽ 713-338-5502 എന്ന നമ്പറിലോ 1-800-526-2121 എന്ന നമ്പറിലോ വിളിച്ചുകൊണ്ട് ഓപ്ഷൻ 5 അമർത്താവുന്നതാണ്.

   c. പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ അയയ്ക്കേണ്ടത് എവിടേക്കാണ്:

Memorial Hermann Health
System Attn: Financial Assistance
909 Frostwood
Suite 3:100
Houston, Texas 77024

-അല്ലെങ്കിൽ-

ഫാക്സ്: 713-338-6500

d. സാമ്പത്തിക സഹായത്തിനോ മുൻകൂർ അർഹതയ്ക്കോ പരിഗണിക്കപ്പെടുന്നതിനുള്ള അഭ്യർത്ഥനകൾക്ക്, അപേക്ഷാ കാലയളവിനുള്ളിൽ, ഇനിപ്പറയുന്ന വ്യക്തികളിൽ ഒരാൾക്ക് തുടക്കമിടാനാകും: (i) രോഗി അല്ലെങ്കിൽ ഗ്യാരണ്ടർ; (ii) രോഗിയുടെയോ ഗ്യാരണ്ടറുടെയോ ഒരു പ്രതിനിധി; (iii) രോഗിയുടെ/അപേക്ഷയുടെ പേരിൽ ഒരു MHHS പ്രതിനിധി; അല്ലെങ്കിൽ (iv) രോഗിയെ നോക്കുന്ന ഫിസിഷ്യൻ.

e. ഈ FAP-യിൽ മറ്റിടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള പരിഗണനകൾ ഉണ്ടെന്നിരിക്കിലും, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ പ്രക്രിയയിൽ സഹകരിക്കേണ്ടതും പൂർണ്ണമായി പങ്കെടുക്കേണ്ടതും രോഗിയുടെ ഉത്തരവാദിത്തമാണ്. ലഭ്യമായ എന്തെങ്കിലും മൂന്നാം കക്ഷി ആരോഗ്യ പരിരക്ഷയെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതും സർക്കാർ അല്ലെങ്കിൽ മറ്റ് പദ്ധതികൾ (ഉദാഹരണത്തിന്, മെഡികെയർ മെഡിക്കെയ്ഡ്, മൂന്നാം കക്ഷി ബാധ്യത, ക്രൈം വിക്റ്റിം ഫണ്ടിംഗ് മുതലായവ) വഴിയായുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നതിനോ മറ്റ് സാമ്പത്തിക സഹായത്തിനുള്ള രോഗിയുടെ യോഗ്യത നിർണ്ണയിക്കുന്നതിനോ ആവശ്യമായ എല്ലാ ഡോക്യുമെൻറേഷനും സർട്ടിഫിക്കേഷനുകളും കൃത്യസമയത്തും നേർവഴിയിലും നൽകുന്നതും രോഗിയുടെ ഉത്തരവാദിത്തങ്ങളിൽ ഉൾപ്പെടുന്നു. അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുന്നത്, രോഗിയുടെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയെ പരിഗണിക്കുന്നതിനെ പ്രതികൂലമായി ബാധിച്ചേക്കാം. MHHS അഭ്യർത്ഥിച്ച്, മുപ്പത് ദിവസത്തിനുള്ളിൽ വിവരങ്ങളും സർട്ടിഫിക്കറ്റുകളും രേഖകളും രോഗികൾ നൽകണം അല്ലെങ്കിൽ കാലതാമസത്തിനുള്ള കൃത്യമായ കാരണങ്ങൾ MHHS-ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. മുൻകൂർ അർഹതയുടെ സാഹചര്യങ്ങളിൽ ഒഴികെ, സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ രോഗി (അല്ലെങ്കിൽ ഗ്യാരണ്ടർ/പ്രതിനിധി) പൂരിപ്പിക്കുകയും അതിൽ ഒപ്പിടുകയും വേണം.

f. സാമ്പത്തിക സഹായം അപേക്ഷിക്കുന്നതിനുള്ള പ്രക്രിയയിൽ അപേക്ഷകനെ സഹായിക്കാൻ ഒരു സാമ്പത്തിക ഉപദേഷ്ടാവിന് കഴിയും. രോഗി മരിക്കുകയും ഉത്തരവാദിത്തപ്പെട്ട കക്ഷിയെ കണ്ടെത്താൻ സാദ്ധ്യമാകാതിരിക്കുകയും ചെയ്താൽ, ഒരു MHHS പ്രതിനിധി ഒരു അഭ്യർത്ഥന സൃഷ്ടിക്കുകയും ലഭ്യമായ വിവരങ്ങളും ഡോക്യുമെൻറുകളും ഉപയോഗിച്ച് അപേക്ഷ പൂർത്തിയാക്കുകയും ചെയ്യും.

8. *ഗാർഹിക വരുമാനം:*

a. ഗാർഹിക വരുമാനം തെളിയിക്കുന്നതിന് ഇനിപ്പറയുന്ന രേഖകളിൽ, അത്തരം രേഖകൾ ലഭ്യമാണെങ്കിൽ, ഒന്നോ അതിലധികമോ രോഗിക്ക് നൽകാവുന്നതാണ്. രോഗിയുടെ കുടുംബത്തിൽ ജോലിയുള്ള ഒന്നിലധികം ആളുകൾ ഉണ്ടെങ്കിൽ, ഓരോ വ്യക്തിയും താഴെ പറഞ്ഞിരിക്കുന്നവയിൽ, ഒന്നോ അതിലധികമോ രേഖകൾ സമർപ്പിക്കണം:

   i. ഏറ്റവും പുതിയതായി സമർപ്പിച്ച ഫെഡറൽ ഇൻകം ടാക്സ് റിട്ടേൺ;
   ii. ഏറ്റവും പുതിയ W-2, 1099 എന്നീ ഫോമുകൾ;
   iii. ഏറ്റവും പുതിയ പേ സ്റ്റബ് (അല്ലെങ്കിൽ, ബാധകമെങ്കിൽ, തൊഴിലില്ലായ്മ പ്രസ്താവനയുടെയും സോഷ്യൽ സെക്യൂരിറ്റി കത്തിന്റെയും മറ്റും ഒരു പകർപ്പ്);
   iv. പണമായാണ് നൽകിയതെങ്കിൽ, തൊഴിലുടമയിൽ നിന്ന് ഒരു പ്രസ്താവന; അല്ലെങ്കിൽ
   v. ഗാർഹിക വരുമാനത്തെ കുറിച്ച് ഒരു മൂന്നാം കക്ഷിയിൽ നിന്നുള്ള മറ്റെന്തെങ്കിലും പരിശോധന.

b. മുകളിൽ ലിസ്റ്റ് ചെയ്തിട്ടുള്ളതും സർട്ടിഫിക്കേഷനിൽ ഒപ്പിട്ടിട്ടുള്ളതുമായ ഓരോ കുടുംബാംഗത്തിൻറെയും (രോഗിയുടേത് ഉൾപ്പെടെ) വരുമാനം പ്രതിഫലിപ്പിക്കുന്ന രേഖകളിൽ ചുരുങ്ങിയത് ഒരെണ്ണമെങ്കിലും രോഗി നൽകിയിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ, സർട്ടിഫിക്കേഷനിൽ ഒപ്പിട്ട ആളുകളുടെ അത്തരം രേഖകൾ നൽകുന്നതിന് രോഗിക്കാവുന്നില്ലെങ്കിൽ, രേഖകൾ നൽകുന്നതിനുള്ള വീഴ്ചയെ അടിസ്ഥാനമാക്കി സാമ്പത്തിക സഹായത്തിനായുള്ള അപേക്ഷ അപൂർണ്ണമാണെന്ന് പരിഗണിക്കപ്പെടില്ല.

c. മുൻകൂർ അർഹതയുടെ സാഹചര്യങ്ങളിൽ ഒഴികെയുള്ള മറ്റെല്ലാ സാഹചര്യങ്ങളിലും, അപേക്ഷാ സർട്ടിഫിക്കേഷനിൽ അപേക്ഷകൻ ഒപ്പിടേണ്ടതാണ്. സാരമായ തരത്തിലുള്ള വ്യാജ വിവരങ്ങളാണ് അപേക്ഷകൻ നൽകിയതെന്ന് പിന്നീട് തെളിവ് ലഭിക്കുകയാണെങ്കിൽ, MHHS നിർണ്ണയം റദ്ദാക്കുകയോ പരിഷ്ക്കരിക്കുകയോ ചെയ്തേക്കാം.

*അനുബന്ധ രേഖകൾ:* സ്വത്തുക്കളുടെയോ ചെലവുകളുടെയോ രേഖകൾ MHHS-ന്റെ FAP ആവശ്യപ്പെടുന്നില്ല. എന്നിരുന്നാലും, ഈ FAP അനുസരിച്ച് അപേക്ഷകർക്ക് മറ്റുതരത്തിൽ അർഹതയുള്ള തുകയ്ക്ക് തുല്യമോ കൂടുതലോ ആയ സാമ്പത്തിക സഹായത്തിനുള്ള ഒരു അഭ്യർത്ഥനയെ പിന്തുണയ്ക്കുന്നതിന്, സാമ്പത്തിക പ്രതിസന്ധിയെ പ്രതിഫലിപ്പിക്കുന്ന സ്വത്തുക്കൾ, ചെലവുകൾ, വരുമാനം, ബാക്കിനിൽക്കുന്ന കടങ്ങൾ അല്ലെങ്കിൽ മറ്റ് സാഹചര്യങ്ങൾ എന്നിവയെ കുറിച്ചുള്ള അധിക രേഖകൾ അപേക്ഷകർക്ക് നൽകാവുന്നതാണ്.

9. *വ്യാജമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ വിവരങ്ങൾ:* മെഡിക്കൽ ചെലവുകൾക്ക് പണം നൽകുന്നതിനുള്ള തൻറെ കഴിവിനെ കുറിച്ച്, അപേക്ഷകൻ മനപ്പൂർവ്വമായി സാരമായ തരത്തിൽ വ്യാജമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് നിർണ്ണയിക്കപ്പെട്ടാൽ, അപേക്ഷകന്റെ നിലവിലുള്ളതോ ഭാവിയിൽ നൽകുന്നതോ ആയ അപേക്ഷകൾ MHHS നിരസിക്കപ്പെട്ടേക്കാം. തെറ്റായ വിശ്വാസത്തിന്റെ അസാന്നിധ്യത്തിലാണ് വ്യാജമായ വിവരങ്ങൾ നൽകിയിരിക്കുന്നതെന്ന സാഹചര്യത്തിൽ, തിരുത്തിയ വിവരങ്ങളെയാണ് തീരുമാനമെടുക്കുന്നതിന് MHHS ആശ്രയിക്കുക. രോഗി നൽകിയ സാരമായ തോതിലുള്ള വ്യാജ വിവരങ്ങളെ അടിസ്ഥാനമാക്കി ഇതിനകം തന്നെ സാമ്പത്തിക സഹായം അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, സാമ്പത്തിക സഹായത്തെ പൂർവ്വകാല പ്രാബല്യത്തിൽ MHHS റദ്ദാക്കും, ഈ സാഹചര്യത്തിൽ ആശുപത്രിക്ക് ലഭിക്കേണ്ട തുക തിരികെ പിടിക്കാനുള്ള എല്ലാ നിയമാവകാശങ്ങളും MHHS-ൽ നിക്ഷിപ്തമാണ്. സാരമായ തോതിൽ വ്യാജ വിവരങ്ങൾ നൽകിയത് മനപ്പൂർവ്വമായിരുന്നില്ലെങ്കിൽ, തിരുത്തിയ വിവരങ്ങളെ അടിസ്ഥാനമാക്കി, നിർണ്ണയിച്ചത് MHHS പരിഷ്ക്കരിക്കും.

**<u>ക്രോസ് റെഫറൻസുകൾ:</u>**

പേഷ്യന്റ് ട്രാൻസ്ഫർ നയം (EMTALA, ടെക്സാസ് ട്രാൻസ്ഫർ ആക്ട് അനുവർത്തനം) സാമ്പത്തിക സഹായം ലളിത ഭാഷാ സംഗ്രഹം
സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ
ബില്ലിംഗും വസൂലാക്കലും സംബന്ധിച്ച നയം

**തെളിവുകൾ:**

തെളിവ് A-പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകയുടെ കണക്കാക്കൽ

തെളിവ് B-ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങൾ

*അടുത്ത പേജിൽ തുടരുന്നു.*

**<u>തെളിവ് A-പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകയുടെ കണക്കാക്കൽ</u>**

അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി ആവശ്യമായ സേവനങ്ങൾക്കായുള്ള സേവനത്തിനായുള്ള മെഡിക്കെയർ ഫീസിന് MHHS ഉപയോഗിക്കുന്ന ബില്ലിംഗുമായും കോഡിംഗുമായും ബന്ധപ്പെട്ട നടപടിക്രമത്തെയാണ് പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ അടിസ്ഥാനമാക്കുന്നത്. മെഡികെയറിൽ നിന്ന് അനുവദിക്കപ്പെട്ടിരിക്കുന്ന മൊത്തം പേയ്മെൻറിനെ അത്തരം ക്ലെയിമുകൾക്ക് ബിൽ ചെയ്യപ്പെടുന്ന മൊത്തം തുക കൊണ്ട് ഹരിക്കും, AGB ശതമാനം കണക്കാക്കാൻ, ആ സംഖ്യയെ 1-ൽ നിന്ന് കുറയ്ക്കും.

**IP-ക്കായുള്ള (ഇൻപേഷ്യൻറിനായുള്ള) AGB % = മെഡികെയർ IP അനുവദനീയ പേയ്മെൻറ് / മെഡികെയർ IP മൊത്തം നിരക്കുകൾ**
**OP-ക്കായുള്ള (ഔട്ട്പേഷ്യൻറിനായുള്ള) AGB % = മെഡികെയർ OP അനുവദനീയ പേയ്മെൻറ് / മെഡികെയർ OP മൊത്തം നിരക്കുകൾ**

വാർഷികാടിസ്ഥാനത്തിൽ, ഓരോ ആശുപത്രിക്കും പ്രത്യേകമായാണ് AGB കണക്കാക്കുന്നത്, എന്നാൽ എല്ലാ MHHS ആശുപത്രികളും പിന്തുടരുന്നത് എല്ലാ ആശുപത്രികൾക്കിടയിലെ ഏറ്റവും താഴ്ന്ന AGB ശതമാനമാണ്.

| ഫെസിലിറ്റികൾ | ഇൻപേഷ്യൻറ് | ഔട്ട്പേഷ്യൻറ് |
|---|---|---|
| Memorial Hermann Greater Heights Hospital | 31% | 13% |
| Memorial Hermann – Texas Medical Center | 27% | 27% |
| Memorial Hermann Katy Hospital | 29% | 11% |
| Memorial Hermann Rehabilitation Hospital – Katy | 49% | 19% |
| Memorial Hermann Memorial City Medical Center | 29% | 14% |
| Memorial Hermann Northeast Hospital | 30% | 13% |
| Memorial Hermann Southeast Hospital | 31% | 12% |
| Memorial Hermann Southwest Hospital | 30% | 13% |
| Memorial Hermann Sugar Land Hospital | 28% | 12% |
| Memorial Hermann The Woodlands Medical Center | 30% | 12% |
| TIRR Memorial Hermann | 31% | 23% |
| Memorial Hermann Surgical Hospital - First Colony | 30% | 15% |
| Memorial Hermann Surgical Hospital - Kingwood | 30% | 15% |
| Memorial Hermann Tomball Hospital | N/A | 11% |
| Memorial Hermann First Colony Hospital | N/A | 12% |

സാമ്പത്തിക വർഷം 2018 (ജൂലൈ 2017 – ജൂൺ 2018) AGB തുകകൾ ഇനിപ്പറയുന്നത് പോലെയാണ്:

**പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ OP: 11%**
**പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകകൾ IP: 27%**

*അടുത്ത പേജിൽ തുടരുന്നു.*

## തെളിവ് B-ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങൾ

ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങളിലേക്ക് മാറ്റങ്ങൾ വരുമ്പോൾ മൊത്ത പ്രതിമാസ വരുമാന സാമ്പത്തിക സഹായ അർഹതയുടെ പട്ടിക പുതുക്കപ്പെടുന്നു. ഈ പട്ടിക വാർഷികാടിസ്ഥാനത്തിൽ പുതുക്കുന്നു.

മൊത്ത പ്രതിമാസ വരുമാന സാമ്പത്തിക സഹായ അർഹതയുടെ പട്ടിക എന്നതിൻറെ അർത്ഥം, ഈ FAP-ക്ക് കീഴിൽ സാമ്പത്തിക സഹായത്തിനുള്ള അർഹത നിർണ്ണയിക്കുന്നതിന് MHHS ഉപയോഗിക്കുന്ന നിലവിലെ വരുമാന പട്ടിക എന്നാണ്.

ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ സമയാസമയങ്ങളിൽ ഭേദഗതി ചെയ്യുന്ന മുറയ്ക്കുള്ള, ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങളെയും ഹാരിസ് കൗണ്ടി ഹോസ്പിറ്റൽ ഡിസ്ട്രിക്റ്റ് അർഹതാ പട്ടികയെയും അടിസ്ഥാനമാക്കിയുള്ളതാണ് മൊത്ത പ്രതിമാസ ഗാർഹിക വരുമാന സാമ്പത്തിക സഹായ അർഹതയുടെ പട്ടിക, അവലോകനം ചെയ്യുന്നതിനായി ഈ പട്ടിക ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്.

താഴെയുള്ള പട്ടിക കാണുക:

| Memorial Hermann Health System<br>മൊത്ത വരുമാന സാമ്പത്തിക സഹായ അർഹതയുടെ പട്ടിക | | | | | | |
|---|---|---|---|---|---|---|
| 2017 ഫെഡറൽ ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങൾ (FPG)<br>കുടുംബ വലുപ്പത്തെ അടിസ്ഥാനമാക്കി സാമ്പത്തിക സഹായതിനുള്ള അർഹതയ്ക്ക് ഉണ്ടായിരിക്കേണ്ട മൊത്ത വാർഷിക അല്ലെങ്കിൽ പ്രതിമാസ വരുമാനം. | | | | | | |
| | FPG-യുടെ 100% | | FPG-യുടെ 200% | | FPG-യുടെ 400% | |
| കുടുംബ വലുപ്പം | വാർഷിക വരുമാനം | പ്രതിമാസ വരുമാനം | വാർഷിക വരുമാനം | പ്രതിമാസ വരുമാനം | വാർഷിക വരുമാനം | പ്രതിമാസ വരുമാനം |
| 1 | $12,060 | $1,005 | $24,120 | $2,010 | $48,240 | $4,020 |
| 2 | $16,240 | $1,353 | $32,480 | $2,707 | $64,960 | $5,413 |
| 3 | $20,420 | $1,702 | $40,840 | $3,403 | $81,680 | $6,807 |
| 4 | $24,600 | $2,050 | $49,200 | $4,100 | $98,400 | $8,200 |
| 5 | $28,780 | $2,398 | $57,560 | $4,797 | $115,120 | $9,593 |
| 6 | $32,960 | $2,747 | $65,920 | $5,493 | $131,840 | $10,987 |
| 7 | $37,140 | $3,095 | $74,280 | $6,190 | $148,560 | $12,380 |
| 8 | $41,320 | $3,443 | $82,640 | $6,887 | $165,280 | $13,773 |
| *8 ആളുകളിലധികമുള്ള കുടുംബങ്ങൾക്ക്/വീടുകൾക്ക്: ഓരോ അധിക വ്യക്തിക്കും $4,180 ചേർക്കുക.* | | | | | | |